**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4790** **20-07-2022 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ ബീനാച്ചി-പനമരം റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ ബീനാച്ചി-പനമരം റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 22.00 കി.മീ. ദൈർഘ്യമുള്ള ബീനാച്ചി-പനമരം റോഡിന്റെ 2/700 (താഴെ അരിവയൽ) മുതൽ 15/580 (നടവയൽ) വരെയുള്ള 12.88 കി.മീ. ഭാഗത്തെ പ്രവൃത്തികളാണ് നിലവിൽ പുരോഗമിക്കുന്നത്. ഇതിൽ 11.7 കി.മീ. ഭാഗം ഡി.ബി.എം. പൂർത്തിയാക്കിയിട്ടുണ്ട്, ശേഷിക്കുന്ന പ്രവൃത്തി പുരോഗതിയിലാണ്. |
| (ബി) | പ്രസ്തുത റോഡിൽ മാനന്തവാടി നിയോജകമണ്ഡലത്തിൽ വരുന്ന നടവയൽ മുതൽ പനമരം വരെയുള്ള ഭാഗം റീ-ടെൻഡർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ആയതിന്റെ പുരോഗതി അറിയിക്കാമോ? | (ബി) | 0/000 (ബീനാച്ചി )മുതൽ 2/700 കി.മീ. (താഴെ അരിവയൽ) വരെയും 15/580 (നടവയൽ) മുതൽ 22/000 (പനമരം) വരെയുമുള്ള പ്രവൃത്തി പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കി, 04.04.2022 ലെ ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും, ചില സാങ്കേതിക തിരുത്തലുകൾ എസ്റ്റിമേറ്റിൽ വരുത്തുന്നതിന് നിർദ്ദേശി ക്കുകയും, ബാക്കി പ്രവൃത്തിയ്ക്ക് 32.56 കോടി രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 30.07.2022 ന് ബിഡ് ഓപ്പണിങ് നിശ്ചയിച്ച് പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ